ഉത്തരം

(എ) ഇല്ല.

(ബി, സി, ഡി ആന്റ് ഇ) ചോദ്യം ഉദിക്കുന്നില്ല.

അൺഎയ്ഡഡ് സ്കൂളുകൾ അനുവദിക്കുന്നതിനുള്ള നിബന്ധന

121 [739] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അൺഎയ്ഡഡ് സ്കൂളുകൾ അനുവദിക്കുമ്പോൾ സ്കൂളുകൾക്ക് അവശ്യം ഉണ്ടാകേണ്ട സ്ഥലം, കെട്ടിട സൗകര്യം, കരിക്കുലം, അദ്ധ്യാപകരുടെ യോഗ്യത, ശമ്പളം, വിദ്യാർത്ഥികളിൽ നിന്ന് ഫീസായി ഈടാക്കാവുന്ന പരമാവധി തുക, മറ്റു സൗകര്യങ്ങൾ എന്നിവയെ സംബന്ധിച്ച് നിബന്ധന വയ്ക്കാറുണ്ടോ;

(ബി) ഇല്ലെങ്കിൽ പുതുതായി അനുവദിക്കുന്ന സ്കൂളുകൾക്ക് ഇത് നിഷ്ക്കർഷിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) അടിസ്ഥാന സൗകര്യം തീരെ ഇല്ലാതെയും യോഗ്യതയില്ലാത്ത അദ്ധ്യാപകരെ നിയമിച്ചും കുട്ടികളിൽ നിന്ന് അമിത ഫീസ് ഈടാക്കിയും നിരവധി അൺഎയ്ഡഡ് വിദ്യാലയങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബാധകമല്ല.

(സി) സർക്കാരിന്റെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകളിൽ ഈ സ്ഥിതി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പുതിയ സ്കൂളുകൾ അനുവദിക്കുന്ന നടപടി

122 [740] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, സി. മോയിൻകുട്ടി:
,, ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരുന്ന സാമ്പത്തിക വർഷം എയ്ഡഡ്/അൺഎയ്ഡഡ്/സർക്കാർ മേഖലയിൽ പുതിയ സ്കൂളുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly